# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6871 — **10.07.2014 -ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ സെൻട്രൽ വർക്ക് ഷോപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |

എ) ഭൂജലവകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ സെൻട്രൽവർക്ക് ഷോപ്പ് നിലനിർത്തുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ ;

എ) ഭൂജലവകുപ്പിന്റെ 14 ജില്ലകളിലുള്ള വാഹനങ്ങളുടെയും മെഷിനറികളുടെയും ചെറുതും വലുതുമായ അറ്റകുറ്റ പണികൾ ചെയ്യുന്നതും, നിലവിലുള്ള വാഹനങ്ങൾ സി.എഫ് ടെസ്റ്റിന് സജ്ജമാക്കുന്നതും ഈ വർക്ക് ഷോപ്പിലാണ്. കൂടാതെ KMML, IRE തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങളിലേക്ക് കുഴൽ കിണർ നിർമ്മാണത്തിനാവശ്യമായ എം.എസ്. പൈപ്പുകൾ സ്ലോട്ട് ചെയ്ത് ഈ വർക്ക് ഷോപ്പിൽനിന്നും നൽകുന്നുണ്ട്.

വർക്ക് ഷോപ്പിലുള്ള ക്രെയിനുകളുടെ സഹായത്താൽ ജില്ലാ ആഫീസുകളിലേക്ക് വാങ്ങുന്ന വലിയ മെഷിനറികൾ ഇറക്കി വയ്ക്കുകയും ആവശ്യാനുസരണം വാഹനങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുന്നു.

ഭൂജലവകുപ്പിലെ 14 ജില്ലകളിലേക്ക് കുഴൽ കിണർ / ട്യൂബ് വെൽ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ഡയറക്ടറേറ്റ് മുഖേന വാങ്ങി ഇവിടെ സൂക്ഷിക്കുകയും മറ്റു ജില്ലകളിലേക്ക് ആവശ്യാനുസരണം

വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഓരോ ജില്ലാ ഓഫീസുകളിലും ഉപയോഗ ശൂന്യമായ സാധന സാമഗ്രികൾ ഇവിടെ സൂക്ഷിച്ച് വില നിശ്ചയിക്കുകയും അനുമതിക്കനുസരിച്ച് ലേലം ചെയ്യുകയും ചെയ്യുന്നു.

ബി) കൊല്ലം സെൻട്രൽ വർക്ക് ഷോപ്പ് വഴി നിലവിൽ ഏതെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ബി)

1. ചവറ KMML ന് വേണ്ടി എം.എസ് പൈപ്പ് slotting വർക്ക് ചെയ്യുന്നുണ്ട്
2. കൊല്ലം ജില്ലാ ആഫീസിലെ Kl 01 P 6888 TATA Sumo C.F.Test-ന് ആവശ്യമായ മെക്കാനിക്കൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക്,പാച്ച് വർക്ക് പെയിന്റിംഗ് വർക്ക് എന്നിവ ചെയ്യുന്നു.
3. കോട്ടയം ജില്ലാ ആഫീസിലെ KRA 5462 വാട്ടർ ടാങ്കിന്റെ C.F.Test-ന് ആവശ്യമായ മെക്കാനിക്കൽ പ്രവർത്തികൾ, പാച്ച് വർക്കുകൾ, പെയിന്റിംഗ് വർക്കുകൾ മുതലായവ ചെയ്യുന്നു.
4. KRV 6673 ട്രാക്ടറിന്റെ പാച്ച് വർക്ക്, പെയിന്റിംഗ് വർക്ക്. ഇലക്ട്രിക്കൽ വർക്ക്. അപ്ഹോൾസ്റ്ററി വർക്കുകൾ എന്നിവ ചെയ്യുന്നു.
5. ഇടുക്കി ജില്ലാ ആഫീസിലെ KL 01 AM 3749 ഐഷർ ലോറിയുടെ മെക്കാനിക്കൽ

വർക്കുകൾ നടത്തി വരുന്നു.

6. കോഴിക്കോട് ജില്ലാ ആഫീസിലെ KET 4028 ലോറിയുടെ C.F.Test-ന് ആവശ്യമായ പ്രവർത്തികൾ ചെയ്യുന്നു.

7. കൊല്ലം, ഇടുക്കി ജില്ലാ ആഫീസുകളിലെ പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകളുടെ alteration വർക്കുകൾ നടത്തി പമ്പിംഗ് ടെസ്റ്റിന് സജ്ജമാക്കി കൊണ്ടിരിക്കുന്നത് ഈ വർക്ക് ഷോപ്പിലെ മെഷിനറികളുടെ സഹായത്തോടെയാണ്.

8. കൊല്ലം ജില്ലയിലെ തെന്മലയിൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങളുടെ അറ്റകുറ്റപണികളും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ